പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3748 | 30.01.2014 -ൽ മറുപടിക്ക്

## നെയ്യാറ്റിൻകരയിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

ചോദ്യം
ശ്രീ. ആർ. സെൽവരാജ് :

ഉത്തരം
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെയ്യാറ്റിൻകരയിൽ നിന്നും പുതുതായി ആരംഭിച്ച ബസ് സർവ്വീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | നെയ്യാറ്റിൻകരയിൽ നിന്നും 06:30 നെയ്യാറ്റിൻകര-മാരായമുട്ടം-ചെമ്പൂര്-വെള്ളറട-ധനുവച്ചപുരം-നെയ്യാറ്റിൻകര രാജധാനി സിറ്റി ഫാസ്റ്റ്, 05:10 നെയ്യാറ്റിൻകര-പഴയകട-പോങ്ങിൽ-തിരുവനന്തപുരം, 14:30 കുരിശുമല- എടത്വ, 04:20 വ്ളാത്താങ്കര-മലയാറ്റൂർ എന്നീ 4 സർവ്വീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പുതുതായി ആരംഭിച്ച ബസ് സർവ്വീസുകളിൽ ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | (ബി) | സർവ്വീസുകളൊന്നും തന്നെ റദ്ദാക്കിയിട്ടില്ല. |
| (സി) | കുളത്തൂരിൽ പുതുതായി ആരംഭിച്ച ഗവ. ആർട്സ് & സയൻസ് കോളേജ് നിലനിൽക്കുന്ന സ്ഥലത്തേക്ക് പൂവാർ, പാറശ്ശാല, നെയ്യാറ്റിൻകര, വിഴിഞ്ഞം എന്നീ ഡിപ്പോകളിൽ നിന്നും പുതിയ ബസ് സർവ്വീസുകൾ ആരംഭിച്ച് യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) യും (ഡി) യും | ബസ്സിന്റെ കുറവ് അനുഭവപ്പെടുന്നതിനാൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | നെയ്യാറ്റിൻകരയിൽ നിന്നും കോട്ടയ്ക്കൽ-പാലിയോട്-വെള്ളറട റൂട്ടിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും ഉള്ളതിനാൽ പ്രസ്തുത ഭാഗത്തേക്ക് കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിച്ച് യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ ? | | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3749 | 30.01.2014 -ൽ മറുപടിക്ക്

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റ് നിർമ്മാണം

ചോദ്യം

ശ്രീ. എ. പ്രദീപ്കുമാർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) | കോഴിക്കോട് കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് നിർമ്മാണത്തിന്റെ സിവിൽ നിർമ്മാണ പ്രവർത്തനം ഏകദേശം 93% പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന ജോലികൾ മുഖ്യമായും പ്രധാന കെട്ടിടത്തിന്റെ അലുമിനിയം കോമ്പാക്റ്റ് പാനൽ (ACP Cladding) ജോലികൾ, പെയിന്റിംഗ്, വാതിൽ-ജനലുകൾ ഉറപ്പിക്കുക, സ്റ്റെയർകേസ് സ്റ്റെപ്പുകൾ തുടങ്ങി ചില ഭാഗങ്ങളിലെ ഓടൊട്ടിക്കൽ (Tiling), ബസ് സ്റ്റാൻഡിനു ചുറ്റുമായുള്ള റോഡ് പൂർത്തിയാക്കൽ, ജല വിതരണത്തിനും സാനിട്ടേഷനും വേണ്ടതായ ചില പ്രവർത്തനങ്ങൾ, ലിഫ്റ്റുകളും എസ്കലേറ്ററുകളും പൂർത്തിയാകുന്ന മുറയ്ക്ക് അവയുമായി ബന്ധപ്പെട്ട അവസാനഘട്ട പ്രവർത്തനങ്ങൾ എന്നിവയാണ്. ഇലക്ട്രിക്കലും അനുബന്ധ ജോലികളും ഏകദേശം 50% പൂർത്തീകരിച്ചിട്ടുണ്ട്. എസ്കലേറ്ററുകളുടെയും ലിഫ്റ്റുകളുടെയും, പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നതേയുള്ളൂ. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പൂർത്തീകരണ പരിപാടി അനുസരിച്ച് 2014 ഫെബ്രുവരി മാസം അവസാനത്തോടുകൂടി പ്രധാന പ്രവർത്തികളെല്ലാം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ഈ ബസ്സ് സ്റ്റാന്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ? | (ബി) | ഓരോ മാസവും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി കെ.റ്റി.ഡി.എഫ്.സി.യുടെ ഹെഡ് ഓഫീസിൽ കൂടുന്ന യോഗത്തിൽ അവലോകനം ചെയ്ത് കാലതാമസം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ മാനേജിംഗ് ഡയറക്ടറും ചീഫ് എഞ്ചിനീയർ (ബി.ഒ.ടി)യും പദ്ധതി പ്രവർത്തനങ്ങൾ നേരിട്ടു പരിശോധിച്ച് അവിടെ വച്ചുതന്നെ നിർമ്മാണ പ്രവർത്തനങ്ങളിലെ പുരോഗതി അവലോകനം ചെയ്യുകയും പദ്ധതി പൂർത്തീകരണത്തിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പൂർത്തീകരണ പരിപാടി അനുസരിച്ച് 2014 ഫെബ്രുവരി മാസം അവസാനത്തോടുകൂടി പ്രധാന പ്രവർത്തികളെല്ലാം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ